## ക്യാൻസറും അതിജീവനവും



ക്യാൻസർ കെയർ ഫൗണ്ടേഷനു വേണ്ടി ഒരു സന്ദേശം എഴുതി തരാൻ ആവശ്യപ്പെട്ടപ്പോൾ തികഞ്ഞ സന്തോഷത്തോടു കൂടിയാണ് സ്വീകരിച്ചത്. എനിക്ക് എന്റെ  സ്വന്തം അനുഭവം നിങ്ങളുമായി പങ്കുവെയ്ക്കാം. ഇവിടെ യാതൊരു പൊടിപ്പും തൊങ്ങലിന്റെയും ആവശ്യമില്ല. പലപ്പോഴും ക്യാൻസറിനെ ഭീകരനായി കാണുമ്പോഴാണ് അസുഖത്തിന്റെ വ്യാപ്തി കൂടുന്നത്. ഉപദേശം എളുപ്പമാണ്. ക്യാൻസർ രോഗം വന്നാൽ ഒരാളുടെ അവസ്ഥയെന്തായിരിക്കും എന്നുള്ള ചോദ്യത്തിനു പൊതുവിൽ ആർക്കും ഉത്തരം പറയാൻ കഴിയുന്ന ഒന്നല്ല.

രണ്ടുകാര്യങ്ങളാണ് നിങ്ങളുടെ പേടിയുടെ അടിസ്ഥാനം. ആദ്യത്തേത് മരിച്ചു പോകും എന്ന ഭയം. എന്റെ ജീവിതത്തെ മുൻനിർത്തി ഞാൻ പറയുന്നു ഇതിനു യാതൊരു അടിസ്ഥാനവുമില്ല. എനിക്ക് ക്യാൻസർ രോഗം വന്നിട്ട് 20 വർഷത്തോളമായി. എനിക്കിപ്പോൾ 80 വയസ്സ് ഉണ്ട്. ഇപ്പോഴും തികച്ചും സാധാരണജീവിതം നയിക്കാൻ എനിക്ക് കഴിയുന്നുണ്ട്. രണ്ടാമത്തേത് ചികിത്സയ്ക്ക് വേണ്ടിവരുന്ന ഭീമമായ ചെലവാണ്. എല്ലാ ഗവ ഗവൺമെന്റ്മെഡിക്കൽ കോളേജുകളിലും ക്യാൻസർ ചികിത്സ സൗജന്യമാണ്. കൂടാതെ, ക്യാൻസർ കെയർ ഫൌണ്ടേഷൻ പോലുള്ള സംഘടനകൾ നിങ്ങളെ സഹായിക്കാൻ കൂടെയുണ്ടാകും.

മേല്പറഞ്ഞ കാര്യങ്ങളാൽ ക്യാൻസറിനെ ഭയപെടുകയല്ല വേണ്ടത്. അതിജീവിക്കാനുള്ള മാനസിക ശക്തി നേടിയെടുക്കുക എന്നുള്ളതാണ് ഒരു ക്യാൻസർ രോഗിക്ക് ഏറ്റവും അടിസ്ഥാനമായും വേണ്ടത്.

പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിലാണ് ജനിച്ചതെങ്കിലും ഇപ്പോൾ കോഴിക്കോട് ജില്ലയിലെ കരുവിശ്ശേരിയിലാണ് സ്ഥിരതാമസം. 1941 ൽ ആണ് ജനനം. വാരിക്കാട് സി.എം.എസ് പായിപ്പാട് ഗവ. യു.പി സ്കൂൾ, തിരുവല്ല എസ്.സി.എസ് പുതുപ്പള്ളി പ്രകാശ് കോളേജ് എന്നിവിടങ്ങളിലാണ് വിദ്യാഭ്യാസം പൂർത്തിയാക്കിയത്. പൊതുപ്രവർത്തനകൻ, ഭരണ പരിഷ്കാരവേദി, മനുഷ്യാവകാശസംഘാടകൻ, ഉപഭോക്തൃവേദി, പരിസ്ഥിതി പ്രവർത്തകൻ, മിശ്രവിവാഹ സംഘാടകൻ, പാലിയേറ്റീവ് പ്രവർത്തകൻ, മദ്യനിരോധന മേഖലയിലെ സജീവ പ്രവർത്തകൻ, റെഡ്ക്രോസ്, ക്യാൻസർ ബോധവൽക്കരണ പ്രവർത്തനം എന്നീ നിലകളിൽ അറിയപ്പെടുന്ന മാർഗ്ഗദർശിനിയാണ് ചെറിയാൻ തോട്ടുങ്കൽ ലേഖകൻ, പ്രഭാഷകൻ, രചയിതാവ്, സാമൂഹ്യ പ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്ത വ്യക്തിത്വത്തിനുടമ. ഡോ. അംബേദ്കർ അവാർഡ്, ധാർമിക ദിനപത്രത്തിന്റെ എക്സലെന്റ് അവാർഡ്, സിറ്റിലൈറ്റ് ജൂബിലി പുരസ്കാരം തുടങ്ങി നിരവധി അവാർഡുകൾ ഇദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. രക്ഷയുടെ ശബ്ദം എന്ന ബുള്ളറ്റിന്റെ പ്രസാധകൻ, എഡിറ്റർ എന്നീ നിലകളിൽ ഒന്നര വർഷക്കാലമായി പ്രവർത്തന രംഗത്ത് സജീവമാണ്. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ തന്റെ സാഹിത്യ രചനകൾ തുടർച്ചയായി പ്രസിദ്ധീകരിച്ചുവരുന്നു.